Break the Chain
കൈവിടാതിരിക്കാം.. കൈ കഴുകാം..

വനിത
ശിശുവികസന
വകുപ്പ്

150
മഹാത്മാവിനെ ഇന്ത്യ
ആഘോഷിക്കുന്നു

# സംയോജിത ശിശു സംരക്ഷണ പദ്ധതി, കേരളം

## സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി- മെംബർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ

**(ഹാജർ: അനുപമ T.V IAS ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ് )**

വിഷയം :- വനിതാ ശിശു വികസന വകുപ്പ്- ICPS - വിവിധ ജില്ലകളിലെ CWC, JJB മെമ്പർമാരുടെ 2021-22 സാമ്പത്തിക വർഷത്തെ സിറ്റിംഗ് ഫീസ് അടുത്തഗഡു അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:1. ഈ കാര്യാലയത്തിലെ ഇതേ നമ്പർ നടപടിക്രമങ്ങൾ തീയതി:14.09.2021,08.10.2021

***ഉത്തരവ് നമ്പർ*– ICPS-4(B)/1921/21 *തീയതി:*25.10.2021**

വനിതാ ശിശു വികസന വകുപ്പ് നടപ്പിലാക്കുന്ന സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ ജില്ലാ ഘടകങ്ങളിലെ CWC, JJB മെമ്പർമാർക്ക് 2021-22 സാമ്പത്തിക വർഷത്തെ സിറ്റിംഗ് ഫീസായി ICPS-മാർഗ്ഗനിർദേശങ്ങളുടെ അടിസ്ഥാനത്തിൽ ഒരു മീറ്റിംഗിന് 1500/- രൂപ നിരക്കിൽ തുക അനുവദിച്ച് നൽകേണ്ടതുണ്ട്.ആയതിന്റെ അടിസ്ഥാനത്തിൽ മേൽ പരാമർശം പ്രകാരം 2021 ജൂലൈ വരെയുള്ള സിറ്റിംഗ് ഫീസ് അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

ഇപ്രകാരം 14 ജില്ലകളിലും CWC യിൽ ഒരു ചെയർപേഴ്സണും 4 മെമ്പർമാരും,കൂടാതെ JJB യിൽ 2 മെമ്പർമാരുമാണ് ഒരു ജില്ലയിൽ അനുവദനീയമായിട്ടുള്ളത്.മേൽ സാഹചര്യത്തിൽ സംസ്ഥാനത്തെ 14 ജില്ലകളിലുള്ള CWC ,JJB അംഗങ്ങൾക്ക് 2021-22 സാമ്പത്തിക വർഷം സിറ്റിംഗ് ഫീസിന്റെ അടുത്ത ഗഡുവായി ആകെ 70,56,000/- രൂപ (എഴുപത് ലക്ഷത്തി അൻപത്തി ആറായിരം രൂപ മാത്രം) ചുവടെ ചേർക്കും പ്രകാരം അനുവദിച്ച് ഉത്തരവാകുന്നു.

| Sl.no | District | CWC | JJB |
|---|---|---|---|
| 1 | DCPU Thiruvananthapuram | 3,60,000 | 1,44,000 |
| 2 | DCPU Kollam | 3,60,000 | 1,44,000 |
| 3 | DCPU Pathanamthitta | 3,60,000 | 1,44,000 |
| 4 | DCPU Alappuzha | 3,60,000 | 1,44,000 |
| 5 | DCPU Kottayam | 3,60,000 | 1,44,000 |
| 6 | DCPU Idukki | 3,60,000 | 1,44,000 |
| 7 | DCPU Ernakulam | 3,60,000 | 1,44,000 |
| 8 | DCPU Thrissur | 3,60,000 | 1,44,000 |
| 9 | DCPU Palakkad | 3,60,000 | 1,44,000 |
| 10 | DCPU Malappuram | 3,60,000 | 1,44,000 |
| 11 | DCPU Kozhikode | 3,60,000 | 1,44,000 |
| 12 | DCPU Wayanad | 3,60,000 | 1,44,000 |
| 13 | DCPU Kannur | 3,60,000 | 1,44,000 |
| 14 | DCPU Kasargod | 3,60,000 | 1,44,000 |
| | Total | 50,40,000 | 20,16,000 |
| | **Grant Total** | **70,56,000** | |

ടി തുക 70,56,000/- രൂപ (എഴുപത് ലക്ഷത്തി അൻപത്തി ആറായിരം രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ ഐ.സി.പി.എസ്-ന്റെ ശീർഷകമായ 2235-02-102-61-34-3-Other Items -(P) ൽ നിന്നും അതാത് ജില്ലകളിലെ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാരുടെ പേരിൽ അലോട്ട്മെൻറ് ആയി അനുവദിക്കേണ്ടതാണ്.

വനിതാ ശിശു വികസന ഓഫീസർമാര് തുക ബന്ധപ്പെട്ട ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്ക് അലോട്ട്മെൻറ് ആയി അനുവദിക്കേണ്ടതും, ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ മാനദണ്ഡങ്ങൾ കർശനമായി പാലിച്ചുകൊണ്ട് തുക ബന്ധപ്പെട്ട CWC, JJB അംഗങ്ങൾക്ക് അനുവദിച്ച് നൽകേണ്ടതുമാണ്.

കൂടാതെ ഈ സാമ്പത്തിക വർഷം ഇതുവരെ വരെയുള്ള സിറ്റിംഗ് ഇനത്തിൽ തുക നൽകിയതിന്റെ വിശദമായ എക്സ്പെൻഡിചർ സ്റ്റേറ്റ്മെൻറ് (ഓരോ മെമ്പർക്കും ഓരോ മാസം സിറ്റിംഗ് നൽകിയതിന്റെ വ്യക്തമായ സ്റ്റേമെൻറ്), യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്,കൂടാതെ 2021 ഡിസംബർ വരെ ആവശ്യമായ തുകയുടെ പ്രൊപോസൽ എന്നിവ ആമുഖ കത്ത് സഹിതം Hard Copy ഈ കാര്യാലയത്തിൽ സമർപ്പിക്കുന്ന മുറയ്ക്ക് മാത്രമേ അടുത്ത അല്ലോട്മെന്റ് ഈ കാര്യാലയത്തിൽ നിന്നും ലഭ്യമാക്കുകയുള്ളൂ എന്ന വിവരം കൂടി അറിയിക്കുന്നു.

(ഒപ്പ്)

വനിതാ ശിശു വികസന ***ഡയറക്ടർ*** &
മെമ്പർ സെക്രട്ടറി SCPS

ബന്ധപ്പെട്ട ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്ക്
ബന്ധപ്പെട്ട ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്ക്

<u>പകർപ്പ്:</u>

1.സൂപ്രണ്ട് A സെക്ഷൻ (അലോട്ട്മെന്റ് നൽകുന്നതിന് വേണ്ടി)

2.ICPS-4

3.സ്റ്റോക്ക് ഫയൽ

4.വെബ്സൈറ്റ്

ഉത്തരവിൻ പ്രകാരം

Remya

സൂപ്രണ്ട്